പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

23.7.2015 ൽ
മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 4745

**പൊതുമേഖലാ സ്ഥാപനങ്ങളിലെ എം.ഡി. മാരുടെ നിയമനത്തിനുള്ള പ്രായപരിധി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി. കെ.കെ. ലതിക ; | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) | |
| എ) | പൊതുമേഖലാ സ്ഥാപനങ്ങളിലെ എം.ഡി. മാരുടെ നിയമനത്തിൽ പ്രായപരിധി സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ; | എ) | ഉണ്ട്. കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ ചെയർമാൻമാരുടെയും, മാനേജിംഗ് ഡയറക്ടർമാരുടെയും പ്രായപരിധി സംബന്ധിച്ച് ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ) വകുപ്പ് സ.ഉ.(എം.എസ്)നം.19/2015/പ്ലാനിംഗ് തീയതി 11.5.2015 പ്രകാരം പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| ബി) | പ്രസ്തുത സർക്കാർ ഉത്തരവിന് വിരുദ്ധമായി ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിൽ പ്രായപരിധി കഴിഞ്ഞയാൾ എം.ഡി. യായി തുടരുന്നുണ്ടോ ; | ബി) & സി) | പ്രസ്തുത സർക്കാർ ഉത്തരവ് അനുസരിച്ച് എം.ഡി. മാരുടെ പ്രായപരിധി 65 വയസ്സാണ്. എന്നാൽ ഈ ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രായ പരിധിക്ക് മുകളിൽ പ്രായമുള്ളത് കേരളാ ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയുടെ മാനേജിംഗ് ഡയറക്ടർക്കു മാത്രമാണ്. ഇദ്ദേഹത്തിന്റെ പ്രായം 70 വയസ്സാണ്. |
| സി) | കെൽ എന്ന സ്ഥാപനത്തിലെ എം.ഡി യുടെ പ്രായം എത്രയെന്ന് വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ

5148
12/5/15

കേരള സർക്കാർ

സംഗ്രഹം

ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ.) വകുപ്പ് - സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് - ചെയർമാൻമാരുടേയും സി.ഇ.ഒ. മാരുടേയും പ്രായപരിധി നിഷ്കർഷിച്ച് ഉത്തരവാകുന്നു.

**ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ.) വകുപ്പ്**

**സ.ഉ.(എം.എസ്.) നം.19/2015/പ്ലാനിംഗ്** **തീയതി 11/05/2015.**

## ഉത്തരവ്

സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് എടുക്കേണ്ട നടപടികളിൽ പ്രഥമമായി, കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുളള പൊതുമേഖലാ സ്ഥാപനങ്ങളിലെ ചെയർമാൻമാരുടെ പ്രായപരിധി 75 വയസ്സായും മാനേജിംഗ് ഡയറക്ടർമാരുടെ പ്രായപരിധി 65 വയസ്സായും നിജപ്പെടുത്തി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ഡോ. അലോക് ഷീൽ.
അഡീഷണൽ ചീഫ് സെക്രട്ടറി

സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും
എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജിംഗ് ഡയറക്ടർമാർക്ക്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), തിരുവനന്തപുരം
പൊതുഭരണ (എസ്സി) വകുപ്പ്
വിവര പൊതുജന സമ്പർക്ക (web & new media) വകുപ്പ്
(സർക്കാർ വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിന്)
മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
സ്റ്റോക്ക് ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ